14-ാം കേരള നിയമസഭ

7-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1659

14/08/2017-ലെ മറുപടിക്ക്

## **സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം**

| ചോദ്യം: | മറുപടി: |
|---|---|
| ശ്രീ. കെ. ബാബു | ശ്രീ. പിണറായി വിജയൻ<br>ബഹു. മുഖ്യമന്ത്രി |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ.; | സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് പരിശോധനകൾ നടത്തുന്നതിന് ധനകാര്യ പരിശോധനാ (എൻ.റ്റി) വിഭാഗത്തെയും എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്ന ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ബി) സർക്കാർ വാഹനങ്ങളുടെ പട്ടികയിൽ ഏതെല്ലാം വകുപ്പുകളുടെ വാഹനങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ; | സർക്കാർ വാഹനങ്ങളുടെ പട്ടികയിൽ പോലീസ് എക്സൈസ്, വനം, നീതിന്യായ വകുപ്പുകൾ ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകളിലെയും വാഹനങ്ങൾ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ വാഹനങ്ങൾ, സർക്കാർ നിയന്ത്രണത്തിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണസ്ഥാപനങ്ങൾ എന്നിവയിലെ വാഹനങ്ങളെയുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. |
| സി) അവധി ദിവസങ്ങളിലും മറ്റും സ്വകാര്യ ആവശ്യത്തിന് സർക്കാർ വാഹനം ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | അവധി ദിവസങ്ങളിലും മറ്റും സ്വകാര്യ ആവശ്യത്തിന് സർക്കാർ വാഹനം ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിന് 24.02.2003 ലെ (എം.എസ്) 113/2003/ധന നമ്പർ ഉത്തരവും, 2/8/2008 ലെ 41/2008/ധന നമ്പർ പരിപത്രവും ധനവകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പരിശോധനകൾ നടത്തുന്നതിന് ധന പരിശോധനാ (സാങ്കേതികേതര) വിഭാഗത്തെയും ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ ജില്ലാതല യൂണിറ്റുകളായ ജില്ലാ ധനകാര്യ പരിശോധനാ സ്ക്വാഡുകളെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**